# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1257** 10.08.2017-ന് മറുപടിയ്ക്ക്

## <u>ബേപ്പൂർ തുറമുഖ വികസനം</u>

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി 3.83 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ 10/05/2013-ലെ സ.ഉ.(സാധ) നം.2680/2013/റവ ഉത്തരവു പ്രകാരം അനുമതി നല്കുകയുണ്ടായി. പ്രസ്തുത ഭൂമിയിൽ 79.90 സെന്റ് സ്ഥലം അക്വിസിഷനിൽ നിന്ന് ഒഴിവാക്കണമെന്ന തുറമുഖ വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസൽ (3.19 ഏക്കർ) 19/09/2016-ൽ കൂടിയ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരുന്നു. ജില്ലാതല സമിതി ശുപാർശ ചെയ്ത വില വളരെ കൂടുതലായതിനാൽ ജില്ലാ കളക്ടർ നേരിട്ട് സ്ഥലപരിശോധന നടത്തി റിക്കാർഡുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പുതുക്കിയ പ്രൊപ്പോസൽ മത്സ്യബന്ധന തുറമുഖ വകുപ്പിന് 28/03/2017-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്ന് വ്യക്തമായ ശുപാർശയോടു കൂടി ലഭിക്കുന്ന മുറക്ക് SLEC യിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് B2/44020/2017, B2/655251/2016, B2/6008/2015 എന്നീ ഫയലുകൾ റവന്യൂ വകുപ്പിൽ ഉള്ളതായി അറിയാമോ; | (ബി) യും (സി) യും B2/44020/2014 നം. ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത ഫയലുകളിൽ തീർപ്പു കല്പിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ ; | |
| (ഡി) പ്രസ്തുത ഫയലുകളിൽ അടിയന്തിരമായി തീർപ്പു കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ